(ബി) നാലാം കേന്ദ്ര ശമ്പളക്കമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനം അറിഞ്ഞ ശേഷം സംസ്ഥാന പെൻഷൻകാരുടെ നിവേദനങ്ങളിൻമേൽ തീരുമാനമെടുക്കാമെന്ന സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം കേരളാ സർവീസ് പെൻഷണേഴ്സ് അസോസിയേഷനെ അറിയിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള ഡിപ്പാർട്ടുമെന്റുകൾ

1465. [2206] ശ്രീ. സി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതമായി സംവരണം പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിലേക്ക് 82 ഡിപ്പാർട്ടുമെന്റുകളാണുള്ളത്.

(ബി) ഉണ്ട്. 22 ഡിപ്പാർട്ടുമെന്റുകളിൽ.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) 40 ഡിപ്പാർട്ടുമെന്റുകളിൽ 10 ശതമാനം പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ട തസ്തികകൾ ഇതിനകം സംവരണം ചെയ്ത് കൊടുത്തിട്ടുണ്ട്. ബാക്കി 20 വകുപ്പുകളിലേക്ക് പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

1466. [2207] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾക്ക് വിദേശസഹായം

1467. [2208] ശ്രീ. ടി. കെ. ഹംസ :
,, സി. ടി. കൃഷ്ണൻ :
,, ഇ. പത്മനാഭൻ :
,, എ. കെ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾക്ക് സംസ്ഥാന സർക്കാർ അറിയാതെ വിദേശരാജ്യങ്ങളിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ എന്നറിയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly